ഉത്തരം

(എ) 2015 ഡിസംബർ 17-ന് രാത്രി പ്രത്യേക മന്ത്രിസഭായോഗം നിയമസഭാ മന്ദിരത്തിൽ മുഖ്യമന്ത്രിയുടെ ചേംബറിൽ വച്ച് ചേരുകയുണ്ടായി. യോഗത്തിൽ മുഖ്യമന്ത്രിയെ കൂടാതെ 17 മന്ത്രിമാരും ചീഫ് സെക്രട്ടറിയും പങ്കെടുത്തു. 17-12-2015-ന് നിയമസഭായോഗം അവസാനിച്ച ശേഷം പ്രത്യേക മന്ത്രിസഭായോഗം ഉണ്ടായിരിക്കുന്നതാണെന്ന് എല്ലാ മന്ത്രിമാരെയും അറിയിച്ചിരുന്നു.

(ബി) പ്രത്യേക മന്ത്രിസഭാ യോഗത്തിന് അജണ്ട ഇല്ല.

(സി&ഡി) 17-12-2015-ന് രാത്രി 11.50-ന് ആരംഭിച്ചു. യോഗനടപടികൾ അവസാനിക്കുന്ന സമയം രേഖപ്പെടുത്താറില്ല. 18-12-2015-ന് രാവിലെ വീണ്ടും മന്ത്രിസഭായോഗം കൂടുകയുണ്ടായില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

63 (34) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടികളോനുബന്ധിച്ച് 14 ജില്ലകളിലും മുഖ്യമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) നടപ്പിലാക്കിയിട്ടില്ലാത്തവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) പ്രവർത്തനം അനുവദിച്ച പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്താമോ ;

(ഡി) മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കപ്പെട്ടിരുന്നത് ഏത് തലത്തിലായിരുന്നു ;

(ഇ) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ പ്രഖ്യാപനങ്ങളിൽ ഏതെങ്കിലും പൂർത്തിയാകുമോ; എങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ജില്ലകളിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാതല വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഇവയിൽ പല പദ്ധതികൾക്കും ഭരണാനുമതി നൽകുന്നതിനും മറ്റും സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ചില പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയിൽ പലതും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന എല്ലാ പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി ബന്ധപ്പെട്ട വകുപ്പുമേധാവികളേയും ജനപ്രതിനിധികളേയും സാങ്കേതിക വിദഗ്ധരേയും ജില്ലാകളക്ടർമാരേയും ഉൾപ്പെടുത്തി ചർച്ചകൾ നടത്തുകയും അതിൽ നിന്നും രൂപംകൊണ്ട വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ചാണ് പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്.

(ഇ) പ്രഖ്യാപിച്ചിട്ടുള്ള പല പദ്ധതികളും ഇതിനകം നടപ്പിലാക്കിയിട്ടുള്ളതാണ്. മറ്റ പദ്ധതികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനസമ്പർക്ക പരിപാടി

64 (35) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ കരുതൽ 2015-ൽ ഉൾപ്പെടുത്തി പരാതി നമ്പർ കെ. കെ. ബി. എച്ച്. 204635 (രജി. നമ്പർ 240651) ആയി ലഭിച്ച ശ്രീ. കബീറിന്റെ അപേക്ഷയിൻമേൽ ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർക്ക് തുക വിതരണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. കബീറിന് പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ടി തുക D.B.T. വഴി അപേക്ഷന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ

65 (36) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly